ഭരണഭാഷ മാതൃഭാഷ

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

**KERALA STATE BIODIVERSITY BOARD**

A statutory and autonomous body, Government of Kerala

നം. സി 3/324/2025/കെ.എസ്.ബി.ബി. തിയതി: 07-01-2026

<u>Most urgent</u>

സ്വീകർത്താവ്

**തദ്ദേശസ്ഥാപന അധ്യക്ഷൻ/ സെക്രട്ടറി**

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും

(ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ)

സർ/മാഡം,

വിഷയം : കെ.എസ്.ബി.ബി. – സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബി.എം.സി. കൾ പുനർരൂപീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :
1) ജൈവവൈവിധ്യ നിയമം, 2002, വകുപ്പ് 41.
2) കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20(1-17)
3) 18.03.2008 ലെ സ.ഉ.(കൈ) നം. 86/08/തസ്വഭവ നമ്പർ ഉത്തരവ്.
4) ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി ചുമതലയേറ്റ ഭരണസമിതിയംഗങ്ങൾക്ക് ബോർഡിന്റെ ഹൃദ്യമായ ആശംസകൾ !!**

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ജൈവവൈവിധ്യം സംരക്ഷിക്കുക, ജൈവവൈവിഭവങ്ങളുടെ സുസ്ഥിരോപയോഗം ഉറപ്പാക്കുക, അവയുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന നേട്ടങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കുവെയ്ക്കൽ സാധ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി സൂചന 1-3 പ്രകാരം സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയുടെ കാലാവധിയ്ക്കനുസൃതമായിട്ടാണ് ബി.എം.സി. കളുടെ കാലാവധിയും പൂർത്തിയാകുന്നത്. നിലവിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണസമിതികൾ നിലവിൽ വന്നിട്ടുള്ളതിനാൽ ബി.എം.സി. കളും പുനർരൂപീകരിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, താഴെപ്പറയുംപ്രകാരം ഘടനയിൽ ബി.എം.സി. കൾ പുനർരൂപീകരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബി.എം.സി. യുടെ ഘടന** :

- ആകെ അംഗങ്ങൾ (ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടെ) : **11 പേർ** (സൂചന 4 പ്രകാരം ബി.എം.സി. അംഗങ്ങളുടെ എണ്ണം 7-11 വരെയാകാവുന്നതാണ്).

- ചെയർപേഴ്സൺ : തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ.
- മെമ്പർ സെക്രട്ടറി : തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി
- മറ്റംഗങ്ങൾ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന 9 അംഗങ്ങൾ.
- നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗം ഉണ്ടാകണം. വനിതാ പ്രാതിനിധ്യം 50 ശതമാനം വരെ ആകാവുന്നതാണ്.
- നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളിൽ നിന്നും ഒരാളെ കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്.
- പരമ്പരാഗത അറിവുടമകൾ, കർഷകർ, തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുവർ/വിൽപ്പനക്കാർ, മത്സ്യബന്ധന ജീവനക്കാർ, ജൈവവൈവിധ്യം ഉപയോഗിക്കുന്നവരുടെ സംഘടനകളിലെ അംഗങ്ങൾ, സാമൂഹിക സേവകർ, അദ്ധ്യാപകർ, ഗവേഷകർ, ബി.എം.സി. പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയുമെന്ന വിശ്വാസമുള്ള ഏതെങ്കിലും സന്നദ്ധസംഘടനയിലെ വ്യക്തികൾ/ സർവ്വീസിലുള്ളതോ വിരമിച്ചതോ ആയ സർക്കാർ-അർദ്ധസർക്കാർ ഉദ്യോഗസ്ഥർ, തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെയാണ് ബി.എം.സി. അംഗങ്ങളായി ഭരണസമിതി തെരഞ്ഞെടുക്കേണ്ടത്.
- നോമിനേറ്റ് ചെയ്യപ്പെടുന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവരും വോട്ടർപട്ടികയിൽ പേരുള്ളവരുമായിരിക്കണം.

**അംഗങ്ങളുടെ തെരഞ്ഞെടുക്കൽ പ്രക്രിയ :**

- തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലുള്ള മേൽപ്പറഞ്ഞ യോഗ്യതയുള്ളവരെ ബി.എം.സി. അംഗങ്ങളായി തെരഞ്ഞെടുക്കുന്നതിനായി, ഗ്രാമസഭ/ വാർഡുസഭകളിൽ ചർച്ച ചെയ്ത് അനുയോജ്യരായവരുടെ ഒരു പട്ടിക തയ്യാറാക്കുക.
- കൂടാതെ, വാർഡ് അംഗങ്ങൾ / കൌൺസിലർമാർ മുഖേന തൽപ്പരരായിട്ടുള്ള വ്യക്തികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കാവുന്നതാണ്.
- മേൽ പട്ടിക/ അപേക്ഷകളിൽ നിന്നും മേൽപ്പറഞ്ഞ ഘടനയിൽ 9 അംഗങ്ങളെ ഭരണസമിതിയ്ക്ക് നോമിനേറ്റ് ചെയ്യാവുന്നതാണ്.
- അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ ആവശ്യമുള്ള പക്ഷം ഭരണസമിതിയ്ക്ക് ജില്ലാതല ടി.എസ്.ജി. യുടെ അഭിപ്രായം തേടാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം കുറ്റമറ്റ തെരഞ്ഞെടുക്കൽ പ്രക്രിയയിലൂടെ, നിർദ്ദിഷ്ട ഘടനയിൽ അടിയന്തര പ്രാധാന്യത്തോടെ താങ്കളുടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബി.എം.സി. പുനർരൂപീകരിച്ച്, പ്രസ്തുത വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട ഫോർമാറ്റിൽ **ഒരു മാസത്തിനകം** ബോർഡിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
V Balakrishnan
Date: 07-01-2026 12:19:45

**മെമ്പർ സെക്രട്ടറി**

പകർപ്പ്:-

1. ജില്ലാ പ്ലാനിംഗ് ഓഫീസർമാർ/ DBCC കൺവീനർമാർ (എല്ലാ ജില്ലകളിലെയും)
2. കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർമാർ (For urgent follow up) (എല്ലാ ജില്ലകളിലെയും)
3. എല്ലാ ജില്ല കളക്ടർമാർക്കും അറിവിലേക്ക്.

Kailasam, T.C. 24/3219, No. 43, Belhaven Gardens, Kowdiar P.O., Thiruvananthapuram – 695 003,
Phone : 0471- 2724740, Email: keralabiodiversity@gmail.com, kerala.sbb@kerala.gov.in, Website:www.keralabiodiversity.org

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**

**ജൈവവൈവിധ്യ പരിപാലന സമിതികളുടെ (ബി.എം.സി. കൾ) പുനർരൂപീകരണം**

(വിവരങ്ങൾ സമർപ്പിക്കേണ്ട ഫോർമാറ്റ്)

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് :

ജില്ല :

ബി.എം.സി. രൂപീകരിച്ച തീയതി, തീരുമാനം നമ്പർ :

| ക്രമ നം | ബി.എം.സി. അംഗത്തിന്റെ പേര് | വയസ്സ് | വിലാസം | വിഭാഗം* | സ്ത്രീ/പുരുഷൻ | മൊബൈൽ നം. |
|---|---|---|---|---|---|---|
| 1 | ചെയർപേഴ്സൺ | | | | | |
| | | | | | | |
| 2 | മെമ്പർ സെക്രട്ടറി | | | | | |
| | | | | | | |
| അംഗങ്ങൾ | | | | | | |
| 3 | കൺവീനർ | | | | | |
| | | | | | | |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗം | | | | | |
| | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |
| 11 | | | | | | |

*പരമ്പരാഗത അറിവുടമകൾ, കർഷകർ, തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുവർ/വിൽപ്പനക്കാർ, മത്സ്യബന്ധന ജീവനക്കാർ, ജൈവവൈവിധ്യം ഉപയോഗിക്കുവരുടെ സംഘടനകളിലെ അംഗങ്ങള്, സാമൂഹിക സേവകർ, അദ്ധ്യാപകര്, ഗവേഷകർ, ബി.എം.സി. പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയുമെന്ന വിശ്വാസമുള്ള ഏതെങ്കിലും സന്നദ്ധസംഘടനയിലെ വ്യക്തികൾ, തുടങ്ങിയ